## പതിനൊന്നാം കേരള നിയമസഭ
### ആറാം സമ്മേളനം
### 2003 ജൂലായ് 21-ാം തീയതി തിങ്കളാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -18)

631)റോഡ് മുറിച്ച് കടക്കുന്ന കാൽനടയാത്രക്കാർക്ക് സംരക്ഷണം നൽകുവാൻ നടപടി
632)സംസ്ഥാന പാതയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച സഹായം
633)റോഡ് സുരക്ഷ ലക്ഷ്യമാക്കി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ
634)സംസ്കൃത സർവ്വകലാശാല നിയമത്തിനു ഭേദഗതി
635)എന്റെഗ്രാമം എന്റെ സ്വപ്നം പദ്ധതി
636)കോളേജ് അദ്ധ്യാപക നിയമനത്തിന് പ്രായപരിധി ഉയർത്താൻ നടപടി
637)ജില്ലാ റോഡുകൾ വികസിപ്പിക്കുന്നതിന് കേന്ദ്ര സഹായം നൽകുന്ന പദ്ധതി
638)ആയിരം പേർ താമസിക്കുന്ന പ്രദേശങ്ങളെ റോഡുമായി ബന്ധിപ്പിക്കുന്ന കേന്ദ്ര പദ്ധതി
639)സ്വകാര്യ കോളേജ് മാനേജ്മെന്റ് അമിത ഫീസ് പിരിക്കുന്നത് തടയുന്നതിന് നടപടി
640)പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ ലാന്റ് അക്വിസിഷന വിംഗ് 641)രൂപീകരണംറോഡുപണിക്കുള്ള കേന്ദ്ര സഹായം
642)വ്യാജസർവ്വകലാശാലകളുടെ പ്രവർത്തനം ഇല്ലാതാക്കുന്നതിന് നടപടി
643)സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ 644)ഗ്രാമപ്രദേശങ്ങളിലുള്ള സർക്കാർ സ്കൂളുകളിലെ മെച്ചപ്പെട്ട ഭൗതിക
അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ നടപടി
645)എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യ നിർണ്ണയം
646)സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷുറൻസ് പരിരക്ഷ
647)വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ
648)വി.സി നിയമനത്തിനുളല മാനദണ്ഡങ്ങൾ

### റോഡ് മുറിച്ച് കടക്കുന്ന കാൽനടയാത്രക്കാർക്ക് സംരക്ഷണം നൽകുവാൻ നടപടി

*631. ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ടി.പി.എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ റോഡുകൾ ഗതാഗത ബാഹുല്യം ഉള്ളവയായതിനാൽ കാൽനടയാത്രക്കാർ നിരത്തു മുറിച്ച് കടക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സീബ്രാവരകൾ അടയാളം ചെയ്ത് ഇതിനു വേണ്ട സ്ഥലങ്ങൾ കാണിച്ചിട്ടുണ്ടെങ്കിലും പോലീസ് സഹായമില്ലാതെ മറുവശം കടക്കുന്നത് അപകടമായതിനാൽ ഇത്തരം സ്ഥലങ്ങളിൽ പോലീസ് സഹായം നിർബന്ധമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് മേല്പാലങ്ങളോ സബ്വേകളോ നിർമ്മിച്ച് റോഡ് മുറിച്ചു കടക്കേണ്ട കാൽനട യാത്രക്കാർക്ക് സംരക്ഷണം നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിന്റെ പ്രാധാന്യം പരിഗണിച്ച് ഇവയുടെ നിർമ്മാണം സമയപരിധി വച്ച് പൂർത്തിയാക്കാൻ നടപടിയെടുക്കുമോ ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി):**

(എ)(ബി)(സി)&(ഡി) നഗര റോഡുകളിൽ വാഹന ബാഹുല്യം കാരണം കാൽനടയാത്രക്കാർക്ക് നീളത്തിലും കുറുകെയും നടക്കുന്നതിനുള്ള ബുദ്ധിമുട്ടുകളുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഫുട്പാത്ത്, ജംഗ്ഷൻ ക്രോസിംഗുകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു റോഡുവികസന പ്രോജക്ടിന് രൂപം കൊടുത്തു കഴിഞ്ഞു. മറ്റു നഗരങ്ങളിലും ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിന് പരിശ്രമിക്കുന്നതാണ്.

### സംസ്ഥാന പാതയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച സഹായം

*632. ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എൻ. രാജൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപാതയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ എന്തു സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നാലുവരി പാതയുട ഭാഗമായി ചേർത്തല മുതൽ പാറശ്ശാല വരെ റോഡ് നിർമ്മാണത്തിനുള്ള സാദ്ധ്യതാപഠനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഏജൻസി ആണ് പഠനം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ റോഡുകളുടെ വികസനത്തിനായി പ്രതിവർഷം എത്ര രൂപ കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ഡോ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി) :**

(എ) & (സി) 2002-2003-ൽ കേന്ദ്ര റോഡ് നിധിയിൽ നിന്നും സംസ്ഥാന റോഡുകൾക്കായി 18.75 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി 2002-03ൽ 70 കോടി രൂപയും ലഭിച്ചു.

(ബി) സാദ്ധ്യതാപഠനം ആരംഭിച്ചിട്ടുണ്ട്. ലീ അസോസിയേറ്റ്സ് സൗത്ത് ഏഷ്യ ലിമിറ്റഡ് എന്ന സ്ഥാപനമാണ് പഠനം നടത്തുന്നത്.

## റോഡ് സുരക്ഷ ലക്ഷ്യമാക്കി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ

*633. ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ.: സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷ ലക്ഷ്യമാക്കി സർക്കാർ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രധാന ജംഗ്ഷനുകളിൽ പലയിടത്തും ട്രാഫിക് സിഗ്നലുകളും ട്രാഫിക്ക് നിയന്ത്രണ ബോർഡുകളും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) സന്നദ്ധസംഘടനകളെക്കൂടി ഉൾപ്പെടുത്തി ജനങ്ങളെ റോഡ് സുരക്ഷയെപ്പറ്റി കൂടുതൽ ബോധവാൻമാരാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ഡോ. എം.കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി) :**

(എ) റോഡുകളിൽ അപകടകരമായ രീതിയിൽ സ്ഥിതി ചെയ്യുന്ന വളവുകൾ നിവർത്തി വീതി കൂട്ടുക, യാത്രക്കാർക്ക് റോഡുകൾ മുറിച്ചു കടക്കുന്നതിനുള്ള ഭാഗങ്ങളിൽ സീബ്രാ ലൈനുകൾ അടയാളം ചെയ്യുക, ഫ്ളൈ ഓവറുകൾ, സബ്‌വേകൾ എന്നിവ നിർമ്മിക്കുക, ഫുട്പാത്തുകളിലെ അനധികൃത കൈയ്യേറ്റം തടയുക എന്നീ കാര്യങ്ങളാണ് പ്രധാനമായും മുൻകരുതലുകളായി സ്വീകരിക്കുന്നത്. വാഹനങ്ങളുടെ വേഗത നിയന്ത്രണം സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വേഗതാപരിധി സൂചിപ്പിക്കുന്ന ബോർഡുകളും, ട്രാഫിക് സിഗ്നലുകളും തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പൊതുജന ബോധവൽക്കരണത്തിനായി ക്ളാസുകൾ, സെമിനാറുകൾ, ട്രാഫിക് വാരാചരണം എന്നിവ നടത്താറുണ്ട്.

(ബി) &(സി) സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികളെടുത്തുവരുന്നു.

(ഡി) റോഡുസുരക്ഷ പദ്ധതിയിൽ നോൺ ഗവൺമെന്റ് ഓർഗനൈസേഷനെ (എൻ.ജി.ഒ) ഉൾപ്പെടുത്തി ബോധവൽക്കരണ നടപടികളും ആവിഷ്ക്കരിച്ചുവരുകയാണ്.

## സംസ്കൃത സർവ്വകലാശാല നിയമത്തിനു ഭേദഗതി

*634. ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയെ നിർദ്ദിഷ്ട ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏകീകൃത സർവ്വകലാശാല നിയമത്തിനനുസൃതമായി സംസ്കൃത സർവ്വകലാശാല നിയമത്തിലും ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) ഒഴിവാക്കിയിട്ടുണ്ട്. കേരളത്തിലെ അഫിലിയേറ്റിംഗ് സർവ്വകലാശാലകളെ മാത്രമേ ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളു എന്നതിനാലാണ് അഫിലിയെറ്റിംഗ് സർവ്വകലാശാല അല്ലാത്ത കാലടി സംസ്കൃത സർവ്വകലാശാലയെ നിർദ്ദിഷ്ട നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയത്.

(ബി) സംസ്കൃത സർവ്വകലാശാല ആക്ടിന് അനുസൃതമായ ഭേദഗതികൾ വരുത്തുന്ന കാര്യം പരിശോധനയിലാണ്.

## എന്റെഗ്രാമം എന്റെ സ്വപ്നം പദ്ധതി

*635. ശ്രീ. എം. കുമാരൻ :

ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികാര്യ വകുപ്പിന്റെ കീഴിൽ എന്റെ ഗ്രാമം എന്റെ സ്വപ്നം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. എം.എം. ഹസ്സൻ(ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) പ്രവാസി മലയാളികളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതിയാണ് 'എന്റെ ഗ്രാമം എന്റെ സ്വപ്നം'. കേരളത്തിലെ ഗ്രാമങ്ങളിൽ പ്രവാസി കേരളീയരുടെ ഒറ്റയ്ക്കോ കൂട്ടമായോ ഉള്ള പരിശ്രമത്തിലൂടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

,(സി) പ്രവാസി മലയാളികളിൽ നിന്നും സമാഹരിക്കുന്ന സാമ്പത്തിക സഹായം വിനിയോഗിച്ച് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്.

## കോളേജ് അദ്ധ്യാപക നിയമനത്തിന് പ്രായപരിധി ഉയർത്താൻ നടപടി

*636. ശ്രീ. ടി.കെ. ബാലൻ :

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :

ശ്രീ. മത്തായി ചാക്കോ :

ശ്രീ. ടി.കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജുകളിൽ അദ്ധ്യാപകരുടെ പുനർവിന്യാസം പൂർത്തിയായിട്ടും ഒഴിവുകൾ നികത്താത്ത വിഷയങ്ങളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് തയ്യാറാകുമോ ;

(ബി) നിയമനനിരോധനം നിലനിൽക്കുന്ന സാഹചര്യത്തിൽ കോളേജുകളിൽ അദ്ധ്യാപകർ ഇല്ലാത്തതുമൂലം അദ്ധ്യയനം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കോളേജുകളിൽ അദ്ധ്യാപക നിയമനത്തിന് നിരോധനം നിലനിൽക്കുകയും പ്രായപരിധി വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അദ്ധ്യാപിക നിയമനത്തിന് നിശ്ചിത യോഗ്യത നേടിയ നിരവധി പേർക്ക് അവസരം നഷ്ടപ്പെടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം ആളുകളുടെ പ്രശ്നം പരിഹരിക്കുന്നതിനായി അദ്ധ്യാപകനിയമനത്തിനുള്ള പ്രായപരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പി.എസ്.സി.യോട് ആവശ്യപ്പെടുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. ബോട്ടണി, സുവോളജി, കെമിസ്ട്രി, മലയാളം, അറബിക്, മാത്ത്മാററിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിലും ഡ്രമ്മർ, ചെണ്ട, ഭരതനാട്യം, ഭാഗവതർ എന്നീ ഇൻസ്ട്രക്റ്റർ പോസ്റ്റുകളിലും മൃദംഗം ലക്ചറർ പോസ്റ്റിലും പി.എസ്.സി.യിൽ നിന്നും ലഭിച്ച അഡ്വൈസ് അനുസരിച്ച് റഗുലർ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. റഗുലർ അദ്ധ്യാപകർ ഇല്ലാത്തപക്ഷം ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം നടത്തുന്നതിന് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അദ്ധ്യാപക നിയമനത്തിനുള്ള പ്രായപരിധി 35 വയസ്സിൽ നിന്ന് 40 വയസ്സിലേക്ക് ഉയർത്തുന്നതിന് കോളേജിയറ്റ് എഡ്യൂക്കേഷൻ സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഇ) മൃദംഗം ലക്ചറർ തസ്തികയിലേക്കുള്ള റാങ്ക്ലിസ്റ്റ് മാത്രം ഇപ്പോൾ നിലവിലുണ്ട്.

(എഫ്) അദ്ധ്യാപക നിയമനത്തിന് ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കുകയും അതനുസരിച്ച് പി.എസ്.സി. റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

## ജില്ലാ റോഡുകൾ വികസിപ്പിക്കുന്നതിന് കേന്ദ്ര സഹായം നൽകുന്ന പദ്ധതി

637. ശ്രീ. പി.ടി. തോമസ്
ശ്രീ. കെ. ബാബു
ശ്രീ. കെ. മോഹൻകുമാർ
ശ്രീ. എൻ. ശക്തൻ
ശ്രീ. അടൂർ പ്രകാശ് ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്രധാനപ്പെട്ട ജില്ലാറോഡുകൾ വികസിപ്പിക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) കേന്ദ്രത്തിന്റെ ഈ പദ്ധതി പ്രകാരം ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം കേന്ദ്ര സഹായം ലഭിക്കുന്നതിന് സംസ്ഥാനം എന്തെല്ലാം പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു;

(സി) ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് എന്തു ധനസഹായം ലഭിച്ചു വിശദാംശം വ്യക്തമാക്കാമോ ?

**ഉത്തരം**
**ശ്രീ. എം.കെ മുനീർ (മരാമത്ത് വകുപ്പുമന്ത്രി)**

(എ) ,(ബി) & (സി) : കേന്ദ്ര ഗവൺമെന്റിന്റെ സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ സഹായം ലഭിക്കുന്നുണ്ട്. പതിമൂന്നു ജില്ലാ റോഡുകളുടെ വികസനത്തിനായി 3545/- ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 2002-2003 ൽ 1875 ലക്ഷം രൂപ സഹായമായി ലഭിച്ചു.

## ആയിരം പേർ താമസിക്കുന്ന പ്രദേശങ്ങളെ റോഡുമായി ബന്ധിപ്പിക്കുന്ന കേന്ദ്ര പദ്ധതി

638. ശ്രീ. പി.എസ്. സുപാൽ
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ.പി. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആയിരം പേർ താമസിക്കുന്ന എല്ലാപ്രദേശങ്ങളെയും റോഡുമായി ബന്ധിപ്പിക്കുന്ന കേന്ദ്ര പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതി കേരളത്രിൽ നടപ്പാക്കുന്നതിനാവശ്യമായ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയ്ക്കുവേണ്ടി എത്ര കേന്ററദ സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**
**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) ഗ്രാമീണ മേഖലയിൽ ആയിരമോ അതിൽ അധികമോ ജനസംഖ്യയുള്ള ഒറ്റപ്പെട്ടുകിടക്കുന്ന ആവാസ കേന്ദ്രങ്ങളെ പ്രധാന റോഡുകളുമായി ബന്ധപ്പെടുത്തുന്നതിന് 2000-01 മുതൽ പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ) എന്ന പേരിൽ ഒരു കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 2000-01 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായമായി 19.71 കോടി രൂപയും 2001-02 വർഷത്തിൽ 27.65 കോടി രൂപയും 2002-03 ൽ 11.43 കോടി രൂപയും ഈ പദ്ധതിയ്ക്ക് കേന്ദ്ര

സഹായമായി ലഭിച്ചിട്ടുണ്ട്  2003-2004 വർഷത്തേക്ക് കേന്ദ്ര സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ വിഹിതം 20 കോടി രൂപയാണ്. കൂടാതെ 2002-2003 ൽ അനുവദിച്ച തുകയിൽ ബാക്കിയുള്ള 7.1 കോടി രൂപയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സ്വകാര്യ കോളേജ് മാനേജ്മെന്റ് അമിത ഫീസ് പിരിക്കുന്നത് തടയുന്നതിന് നടപടി

639. ശ്രീ. പി.സി ജോർജ്
ശ്രീ. രാജു എബ്രഹാം
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ.പിരപ്പൻകോട് മുരളി ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്വകാര്യ എയ്ഡഡ് കോളേജുകളിൽ പ്രവേശന സമയത്ത് വിവിധ കോഴ്സുകൾക്ക് ഈടാക്കേണ്ട ഫീസ് നിരക്ക് നിശ്ചയിച്ചുകൊണ്ട യൂണിവേഴ്സിറ്റി അറിയിപ്പ് നൽകാറുണ്ടൊ;

(ബി) ഇതിനു വിരുദ്ധമായി പലപേരിലും പല രൂപത്തിലും വിദ്യാർത്ഥികളിൽ നിന്ന് സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ ഫീസ്  പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(സി) ഉണ്ടെങ്കിൽ ഇതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പി.ടി.എ. ഫണ്ടിനുപുറമേ ഡവലപ്മെന്റ് ഫണ്ട് എന്ന പേരിലും അമിനിറ്റീസ് ഫണ്ട് എന്ന പേരിലും മറ്റും പുതുതായി പ്രവേശനം തേടുന്ന കുട്ടികളിൽ നിന്ന് സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ പണം വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(ഇ) ഇത്തരം അനധികൃതമായ പണപ്പിരിവുകൾ നിറുത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) ഇല്ല. എന്നാൽ സ്വകാര്യ എയ്ഡഡ് കോളേജുകളിൽ പ്രവേശന സമയത്ത് വിവിധ കോഴസുകൾക്ക് ഈടാക്കേണ്ട ഫീസ് നിരക്ക് സർക്കാർ നിശ്ചയിക്കുന്നകയും അത് ബന്ധപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം എല്ലാ എയ്ഡഡ് കോളേജുകളിലും അറിയിക്കുകയും ചെയ്യാറുണ്ട്.

(ബി) ഉണ്ട്. സർക്കാർ നിശ്ചയിച്ച ഫീസിന് പുറമേ ചില കോളേജുകളിൽ അനധികൃതമായി ഫീസ് പിരിക്കുന്നതായി പരാതി ലഭിക്കാറുണ്ട്.

(സി) പരാതി ലഭിച്ചാലുടനെ അതേക്കുറിച്ച് ബന്ധപ്പെട്ട ഡപ്യൂട്ടി ഡയറക്ടർമാർ അന്വേഷണം നടത്തി ആവശ്യമായ നടപടി കൈക്കൊളളാറുണ്ട്.

(ഡി) ഇത്തരം പ്രവണതകൾക്കെതിരെ കർശന നടപടി ശ്വീകരിക്കുന്നതിലേക്കായി ആവശ്യമായ റെഗുലേഷൻസ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) ഇതു സംബന്ധിച്ച് വ്യക്തമായ പരാതി ലഭിച്ചാൽ അത് പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊളളുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ ലാന്റ് അക്വിസിഷൻ വിംഗ് രൂപീകരണം

640. ശ്രീ. എം.എ. വാഹിദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്താനത്തെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ വീതി കൂട്ടുന്നതിനും പുതുതായി റോഡുകൾ വീതി കൂട്ടുന്നതിനും പുതുതായി റോഡുകൾ നിർമ്മിക്കുന്നതിനുംവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിനും മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ലാന്റ് അക്വിസിഷൻ വിംഗ് ഉണ്ടാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) ഇങ്ങനെ സ്ഥലം അക്വയർ ചെയ്യുന്നവർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രത്യേക നിധി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

**ഉത്തരം**
**ശ്രീ. എം.കെ മുനീർ (മരാമത്ത് വകുപ്പുമന്ത്രി)**

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പ്രോജക്ടറുകൾക്ക് സ്ഥലം അക്വയർ ചെയ്യുന്നതിനായി ലാന്റ് അക്വിസിഷൻ ഡയറക്ടറുടെ ചുമതലയിൽ ഒരു പ്രത്യേക വിംഗ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രത്യേക നിധി രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല.

## റോഡുപണിക്കുള്ള കേന്ദ്ര സഹായം

641. ശ്രീ. സിപി. മുഹമ്മദ്
ശ്രീ. ടി.വി. ചന്ദ്രമോഹൻ
ശ്രീ. ജോർജ് ജെ.മാത്യു
ശ്രീ. എംകെ. പോൾസൺ മാസ്റ്റർ
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആയിരത്തിലധികം പേർ താമസിക്കുന്ന സ്ഥലത്തെ റോഡുകളുമായി ബന്ധിപ്പിക്കുന്നതിന് ധനസഹായം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന് പരിപാടിയുണ്ടോ;

(ബി) ഈ പരിപാടി പ്രകാരം ധനസഹായമാവശ്യപ്പെട്ടുകൊണ്ടുള്ള എത്ര പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു;

(സി) ഇവയുടെ പണിയ്ക്കായി എന്തു തുക നൽകണമെന്നാണ് കേന്ദ്രത്തോടാവശ്യപ്പെട്ടത്;

(ഡി) ഈ പരിപാടി പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തു ധനസഹായം ലഭിച്ചു ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ ഒറ്റപ്പെട്ടുകിടക്കുന്ന സങ്കേതങ്ങളെയും മലയോര പ്രദേശങ്ങളെയും പ്രധാന റോഡുകളുമായി ബന്ധപ്പെടുത്തുന്നതിനുതകുന്ന വിധത്തിൽ എല്ലാ കാലാവസ്ഥയിലും ഗതാഗത യോഗ്യമായ റോഡുകൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി. എസ്.വൈ) 2000-01 വർഷം മുതൽ നടപ്പിലാക്കിവരുന്നു.

(ബി) & (സി) :പി.എം.ജി.എസ്.വൈ പ്രകാരം ധനസഹായം ലഭിക്കുന്നതിനായി 2000-2001 ൽ 19.71 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള നാല് പാക്കേജുകളും 2001-2002 ൽ 47.65 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള 37 പാക്കേജുകളും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. 2002-2003 വർഷത്തില 21.20 കോടി രൂപ അടങ്കൽ തുക വരുന്ന 14 പാക്കേജുകളും കേന്ദ്രനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) 2000-2001 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായമായി 19.71 കോടി രൂപയും 2001-2002 ൽ 27.65 കോടി രൂപയും 2002-2003 ൽ 11.63 കോടി രൂപയും ഈ പദ്ധതിയ്ക്കായി ലഭിച്ചിട്ടുണ്ട്.

## സർവ്വകലാശാലകളുടെ പ്രവർത്തനം ഇല്ലാതാക്കുന്നതിന് നടപടി

642. ശ്രീ. ബിനോയ് വിശ്വം
ശ്രീ. കെ.പി. രാജേന്ദ്രൻ
ശ്രീ. എം.കുമാരൻ
ശ്രീ.പി. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തും വ്യാജ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നതായുള്ള യു.ജി.സി വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം സർവ്വകലാശാലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വ്യാജ സർവ്വകലാശാലകൾക്കെതിരെ കരുതുയുരിക്കാൻ യു.ജി.സി. വിദ്യാർത്ഥികളോടഭ്യർത്ഥിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സർവ്വകലാശാലകളുടെ പ്രവർത്തനം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) ഉണ്ട്. യു.ജി.സി.യുടെ ലിസ്റ്റിൽ സെന്റ് ജോൺസ് യൂണിവേഴ്സിറ്റി, കിഷനാട്ടം എന്ന് ചേർത്തിരിക്കുന്നു. അത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്.

(സി) സ്വമേധയാ യൂണിവേഴ്സിറ്റി, വിശ്വവിദ്യാലയം എന്നീപേരുകൾ സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്ക് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ നൽകരുതെന്ന് രജിസ്ട്രേഷൻ വകുപ്പുമുഖേന എല്ലാ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ സർവ്വകലാശാലകളുടെ പ്രലോഭനണങ്ങളിൽ പൊതു ജനങ്ങൾ വഞ്ചിതരാകരുതെന്ന് പത്ര മാധ്യമം ൈുഠഖന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വ്യാജ സർവ്വകലാശാലകളുടെ പ്രവർത്തനം തടയുന്നതിനന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സംസ്ഥാനത്തെ എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും കോളേജ് വിദ്യാഭ്യാസ വകുപ്പു ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ

643 ശ്രീ.കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വെളിപ്പെടുത്താമോ ;

(ബി) സ്വകാര്യ കെട്ടിടങ്ങളെ അപേക്ഷിച്ച് സർക്കാർ കെട്ടിടങ്ങൾക്ക് കുറഞ്ഞ കാലയളവിനുള്ളിൽ കൂടുതൽ അറ്റകുറ്റപ്പണികൾ വരുന്നതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഓരോ കെട്ടിടത്തിലും പ്രവർത്തിക്കുന്ന ഓഫീസ് മേലധികാരികൾക്ക് ആ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യിക്കുന്നതിനുള്ള അധികാരം നൽകുന്ന വിധം ചട്ടങ്ങളിൽ മാറ്റം വരുത്തുമോ എന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ വക കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി എന്തു തുക ചെലവിട്ടു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ഡോ.എം.കെ.മുനീർ (മരാമത്തു വകുപ്പുമന്ത്രി)**

(എ) വാർഷിക അറ്റകുറ്റപ്പണികളും കെട്ടിടങ്ങളുടെ കാലപ്പഴക്കവും അവസ്ഥയുമനുസരിച്ച് പ്രത്യേക അറ്റകുറ്റപ്പണികളും നടത്താറുണ്ട്.

(ബി) സർക്കാർ കെട്ടിടങ്ങൾക്ക് കൂടുതൽ അറ്റകുറ്റപ്പണികൾ വേണ്ടിവരുന്നു എന്ന് അനുമാനിക്കുന്നത് ശരിയല്ല.

(സി) കെട്ടിടത്തിന്റെ സംരക്ഷണജോലികൾക്കും അറ്റകുറ്റപ്പണികൾക്കും സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമാകയാൽ പൊതുമരാമത്ത് വകുപ്പ് തന്നെ പണികൾ ഏർപ്പാടു ചെയ്യുന്നതാണ് അഭികാമ്യം. അറ്റകുറ്റപ്പണികളുടെ സ്വഭാവം, ഓഫീസ് മേലധികാരികളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ചെയ്യാറുള്ളത്.

(ഡി) 96.29 കോടി രൂപ ചെലവിട്ടിട്ടുണ്ട്.

## ഗ്രാമപ്രദേശങ്ങളിലുള്ള സർക്കാർ സ്കൂളുകളിലെ മെച്ചപ്പെട്ട ഭൗതിക അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ നടപടി

644 ശ്രീ. കെ.സി.വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗ്രാമപ്രദേശങ്ങളിലുള്ള സർക്കാർ സ്കൂളുകളിലെ മെച്ചപ്പെട്ട ഭൗതിക അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ തയ്യാറാകുമോ ;

(സി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര ശതമാനം സ്കൂളുകൾ ഓല ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്നു ;

(ഡി) ഇവ അനുയോജ്യമായ സുരക്ഷയുള്ള കെട്ടിടങ്ങളിലേക്ക് മാറ്റുവാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്തു സൂപ്പി ( വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്.

(ബി) പരിഹാരം കാണുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത ആകെയുള്ള 4491 ഗവണ്മെന്റ് സ്കൂളുകളിൽ 457 അതായത് 10% സ്കൂളുകൾ ഓലഷെഡ്ഡിൽ പ്രവർത്തിക്കുന്നുണ്ട്. പ്രൈമറി 90, അപ്പർ പ്രൈമറി 130, ഹൈസ്കൂൾ 23.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

## എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യ നിർണ്ണയം

645 ശ്രീ .എൻ. ശക്തൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 മാർച്ച മാസം നടത്തിയ എസ്.എസ്.എൽ.സി പരീക്ഷയുടെ റീവാല്യൂഷനിൽ ഓരോ പേപ്പറിലും പരമാവധി എത്ര മാർക്ക് വരെ വ്യത്യാസം വന്നിട്ടുണ്ട്;

(ബി) ഇത്രയും വ്യത്യാസം വന്നത് അശ്രദ്ധമായി പേപ്പർ പരിശോധന നടത്തിയതിനാലാണോ ; എങ്കിൽ പരിശോധകരുടെ മേൽ തക്കതായ നടപടി സ്വീകരിക്കുമോ ;

(സി) ഇനിയും അശ്രദ്ധമായ പരിശോധന ഒഴിവാക്കുന്നതിനു വേണ്ടി ഇവർക്കെതിരെ സ്വീകരിക്കുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്തു സൂപ്പി ( വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :**

(എ) 2003 മാർച്ച് മാസം നടത്തിയ എസ്.എസ്.എൽ.സി.പരീക്ഷയുടെ റീവാല്യൂവേഷനിൽ ഓരോ പേപ്പറിലും വന്ന പരമാവധി മാർക്ക് വ്യത്യാസം ചുവടെ ചേർത്തിട്ടുണ്ട്.

| വിഷയം | മാർക്ക് വ്യത്യാസം |
|---|---|
| മലയാളം - I | 12 |
| മലയാളം - II | 12 |
| ഇംഗ്ലീഷ് - I | 24 |
| ഇംഗ്ലീഷ് - II | 21 |
| ഹിന്ദി | 31 |
| ചരിത്രവും പൗരധർമ്മവും | 11 |
| ഭൂമി ശാസ്ത്രവും സാംപത്തിക ശാസ്ത്രവും | 23 |
| ഭൗതിക ശാസ്ത്രം | 35 |
| രസതന്ത്രം | 20 |
| ജീവശാസ്ത്രവും ആരോഗ്യ ശാസ്ത്രവും | 37 |
| കണക്ക് പേപ്പർ - I | 38 |
| കണക്ക് പേപ്പർ - II | 37 |
| സംസ്കൃതം (അക്കാഡമിക്) | 14 |
| സംസ്കൃതം (ഓറിയന്റൽ) | 2 |
| സ്പെഷ്യൽ ഇംഗ്ലീഷ് | 6 |

(ബി) റീവാല്യൂവേഷനിൽ വ്യത്യാസം വന്നത് പ്രധാനമായും വാല്യൂ ചംയ്ത അദ്ധ്യപകർ മാർക്ക് കൂട്ടി എഴുതുന്നതിൽ വരുന്ന പിശകു മൂലമാണ്. ഇപ്രകാരം തെറ്റു വരുത്തിയ അദ്ധ്യാപകരുടെ മേൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) നിലവിലുളള വ്യവസ്ഥയനുസരിച്ച് 5 വർഷം വരെ പരീക്ഷാ സംബന്ധമായ എല്ലാ ജോലികളിൽ നിന്നും മാറ്റി നിർത്തും..

## <u>സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷുറൻസ് പരിരക്ഷ</u>

646 ശ്രീ.തമ്പാനൂർരവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഇൻഷുറൻസ് കമ്പനികളുമായി ഗവൺമെന്റ് ചർച്ച നടത്തിയിട്ടുണ്ടോ ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ ;

**<u>ഉത്തരം</u>**

**ശ്രീ. നാലകത്തു സൂപ്പി ( വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :**

(എ) & (ബി) ഉണ്ട്. 13.8.2002 വരെ ഇൻഷുറൻസ് കംപനികൾ മുഖേനെയാണ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകിയിരുന്നത്. എന്നാൽ 2002-03 അദ്ധ്യന വർഷത്തിൽ ഇൻഷുറൻസ് കംപനികൾ ഉയർന്ന പ്രീമിയം ആവശ്യപ്പെട്ടപ്പോൾ ഈ പദ്ധതി 14.8.2002 മുതൽ 13.8.2003 വരെ വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തുവാൻ സർക്കാർ മതി നൽകി.

(സി) സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഇപ്പോഴും നിലവിലുണ്ട്.

(ഡി) & (ഇ) ഇല്ല. എന്നാൽ ഡയറക്ടറേറ്റ് തലത്തിൽ ഇൻഷറൻസ് കംപനികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇൻഷുറൻസ് കംപനികൾ ഒരു കുട്ടിക്ക് 81 പൈസ നിരക്കിൽ സ്കീം തുടർന്നു കൊണ്ടുപേകാൻ ബുദ്ധിമുട്ടാണെന്നും 1 രൂപ 30 പൈസ നിരക്കിൽ പ്രീമിയം അടയ്ക്കണമെന്നുമുള്ള നിലപാടിൽ ഉറച്ചു നിൽക്കുകയും ചർച്ചയുടെ ഒടുവിൽ ഒരു കുട്ടിയ്ക്ക് ഒരു രൂപ 25 പൈസ എന്ന നിരക്കിൽ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഇൻഷുറൻസ് കംപനികളും സ്കീം പരിരക്ഷ അപകടത്തിൽ മരണമടയുന്ന കുട്ടികൾക്കും അംഗഭംഗം സംഭവിക്കുന്ന കുട്ടികൾക്കും മാത്രമായി പരിമിതപ്പെടുത്തുകയാണെങ്കിൽ ഒരു കുട്ടിയ്ക്ക് 50 പൈസ നിരക്കിൽ പ്രീമിയം അടച്ചാൽ മതിയെന്നും സമ്മതിച്ചു.

## <u>വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിനുളള മാനദണ്ഡങ്ങൾ</u>

647. ശ്രീ. എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണ് ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുമ്പോൾ ജീവനക്കാരുടെ ക്ഷാമബത്ത കൂടി വരുമാനമായി കണക്കാക്കുന്നുണ്ടോ ;

(സി) വരുമാനം കണക്കാക്കുന്ന കാര്യത്തിൽ നിലവിലുള്ള ഉത്തരവുകൾ പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ.കെ.എം.മാണി ( റവന്യൂവും നിയമവും വകുപ്പുമന്ത്രി)**

(എ) 23.3.1985 – ലെ ജി.ഒ.(എം.എസ്.) 192/85/ആർ.ഡി. സർക്കാർ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൽ പ്രകാരമാണ് വരുമാന സർട്ടിഫിക്കറ്റ് നൽകി വരുന്നത്.

(ബി) കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് അടിസ്ഥാന ശമ്പളത്തോടൊപ്പം ക്ഷാമബത്ത കണക്കാക്കി സർട്ടിഫിക്കറ്റ് നൽകിവരുന്നു. കൂടാതെ പ്രൊഫഷണൽ കോഴ്സുകൾക്കുളല പ്രവേശനത്തിന് അടിസ്ഥാന ശമ്പളത്തോടൊപ്പം ക്ഷാമബത്തയും കണക്കിലെടുത്ത് വരുമാന സർട്ടിഫിക്കറ്റ് നൽകിവരുന്നു

(സി) പരിഗണനയിലില്ല.

**വി.സി നിയമനത്തിനുളല മാനദണ്ഡങ്ങൾ**

648.ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസകൃത സർവകലാശാലയിൽ വൈസ് ചാൻസലറുടെ നിയമനത്തിന് യു.ജി.സി. മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) നിലവിലുള്ള വൈസ് ചാൻസലറുടെ നിയമനം യു.ജി.സി. മാനദണ്ഡങ്ങൾ അനുസരിച്ചാണോ നടത്തിയിട്ടുള്ളത് ;

(സി) അല്ലെങ്കിൽ മാനദണ്ഡം പാലിക്കാതെയുള്ള പ്രസ്തുത നിയമനം റദ്ദു ചെയ്യുന്നതിനും പകരം വൈസ് ചാൻസലറെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്തു സൂപ്പി ( വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :**

(എ) യു.ജി.സി. മാനദണ്ഡങ്ങൾ ഒന്നും നിശ്ചയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.